**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 266** **25-10-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും കൈവശം വയ്ക്കുന്ന പുരാവസ്തുക്കൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. കെ. പി. എ. മജീദ് | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പുരാവസ്തുക്കൾ കൈവശം വയ്ക്കുന്നതിനും വിപണനം നടത്തുന്നതിനും അവകാശമുണ്ടോ; എങ്കിൽ ഇതിന്റെ ആധികാരികതയും അവകാശങ്ങളും പരിശോധിക്കുന്നതിനും ഉറപ്പാക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്ത് സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പുരാവസ്തുക്കൾ കൈവശം വയ്ക്കുന്നതിനും വിപണനം / കൈമാറ്റം ചെയ്യുന്നതിനും അധികാരമുണ്ട്. സംസ്ഥാനത്ത് പുരാവസ്തുക്കൾ സൂക്ഷിക്കുന്നതിനും ക്രയവിക്രയം നടത്തുന്നതിനും ബാധകമായത് കേന്ദ്ര നിയമമായ ദി ആന്റിക്വിറ്റീസ് ആന്റ് ആർട്ട് ട്രഷേഴ്സ് ആക്ട് 1972, അതിന്റെ 1973 ലെ ചട്ടങ്ങൾ എന്നിവയാണ് (The Antiquities & Art Treasures Act 1972 & Rules 1973). ഈ ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാനത്ത് പുരാവസ്തുക്കളുടെ രജിസ്ട്രേഷനും , കൈമാറ്റവും വിപണനവും മറ്റും നടക്കുന്നത്. ആക്ടിൽ അനുശാസിക്കുന്ന വിധത്തിൽപ്പെട്ടതെന്നു തോന്നുന്ന വസ്തുക്കൾ അവ പുരാവസ്തുവാണോ എന്ന കാര്യം ഉറപ്പിക്കുന്നതിനും അത് നിയമപരമായി സൂക്ഷിക്കുന്നതിനുള്ള അവകാശം സമ്പാദിക്കു ന്നതിനുമായാണ് രജിസ്ട്രേഷൻ നടപടികൾ നടത്തുന്നത്. ഇതിന്റെ പൂർണ്ണ അധികാരി കേന്ദ്ര പുരാവസ്തുവകുപ്പിന് (Archaeological Survey of India) കീഴിൽ പ്രവർത്തിക്കുന്ന രജിസ്റ്ററിങ്ങ് ഓഫീസറാണ്. |
| (ബി) | അമൂല്യമായ പുരാവസ്തുക്കളുടെ ശേഖരം സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ കൈവശം വയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ വകുപ്പിന് ഏതെല്ലാം രീതിയിൽ ഇടപെടൽ നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | അമൂല്യങ്ങളായ പുരാവസ്തുക്കളുടെ ശേഖരം സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ മേൽപറഞ്ഞ വിധത്തിലുള്ള രജിസ്ട്രേഷൻ കൂടാതെ കൈവശം വയ്ക്കുന്നത് മേൽ കേന്ദ്രനിയമത്തിന്റെ സെക്ഷൻ 25(2) പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ഇതിൻമേൽ കേന്ദ്ര ആക്ട് പ്രകാരം കേന്ദ്രസർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥന് നടപടി സ്വീകരിക്കാവുന്നതും ഇത്തരം പുരാവസ്തുക്കൾ കണ്ടുകെട്ടാവുന്നതുമാണ്. |
| (സി) | 2016 മുതൽ പുരാവസ്തു വകുപ്പ് ഇപ്രകാരം നടത്തിയ | (സി) | പുരാവസ്തുക്കളുടെ രജിസ്ട്രേഷൻ സംബന്ധമായിട്ടുള്ള |

| | | | |
|---|---|---|---|
| | ഇടപെടലുകളുടെ വിശദവിവരം ലഭ്യമാക്കുമോ? | | പ്രവൃത്തികൾ 1972-ലെ കേന്ദ്ര നിയമപ്രകാരം ആയതിലേക്ക് ചുമതലപ്പെടുത്തിയ കേന്ദ്ര പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥരാണ് നിർവ്വഹിക്കുന്നത് എന്നതിനാൽ, കേരള പുരാവസ്തു വകുപ്പിന് ഈ വിഷയത്തിൽ ഇടപെടാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ